# ഗവൺമെന്റ് ഹൈസ്കൂൾ കപ്പാട്
# അക്കാദമിക മാസ്റ്റർ പ്ലാൻ **2025- 26**

ആമുഖം

സാധാരണ കുടുംബത്തിൽ നിന്നും അറിവിന്റെ ലോകത്തേക്ക് എത്തുന്ന കുട്ടികളെ അവരുടെ വ്യക്തിഗത വ്യത്യാസങ്ങളെ പരിഗണിച്ച് ഏറ്റവും മികച്ച പഠന നിലവാരങ്ങളിൽ എത്തിക്കുക എന്നതാണ് ഗവൺമെൻറ് ഹൈസ്കൂൾ കപ്പാടിന്റെ 2025-26 വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ലക്ഷ്യം.ഒരു വർഷം നീണ്ടു നിൽക്കുന്ന കർമ്മ പരിപാടികളിലൂടെ കുട്ടികളുടെ സർവ്വതോന്മുഖ വികാസത്തോടൊപ്പം അക്കാദമിക മേഖലയിൽ സർക്കാർ വിഭാവനം ഈ വർഷം സമഗ്ര ഗുണമേന്മയിൽ ഊന്നിയുള്ള പഠന നേട്ടങ്ങളെ ഉയർന്ന നിലവാരത്തിൽ എല്ലാ കുട്ടികളിലേക്കും എല്ലാ വിഷയങ്ങളിലും എത്തുന്നു എന്ന് ഉറപ്പാക്കാനുള്ള ഒരു കർമ്മ പദ്ധതിയാണ് വിദ്യാലയം വിഭാവനം ചെയ്യുന്നത്. കുട്ടികൾ ,അധ്യാപകർ ,മാതാപിതാക്കൾ വിദ്യാലയത്തിന്റെ പുരോഗതി ആഗ്രഹിക്കുന്ന സമൂഹം ഇവരുടെ എല്ലാം നിരന്തരമായ ഇടപെടലിലൂടെയും മെച്ചപ്പെടുത്തലിലൂടെയും കുട്ടികളുടെ പഠന നിലവാരം ഉയർത്തി അറിവുകളെ പുതിയ തലത്തിലേക്ക് എത്തിക്കുവാൻ അവരെ സജ്ജരാക്കുകയും ചെയ്യുക എന്ന ഒരു മഹത്തായ ഉദ്യമത്തിനാണ് വിദ്യാലയം ഈ വർഷം നേതൃത്വം നൽകുന്നത്.

ലക്ഷ്യങ്ങൾ

1 .പഠന വിടവുകൾ ഇല്ലാതെ ഏവർക്കും അവശ്യ പഠനനേട്ടങ്ങൾ ഉറപ്പാക്കുക.

2. ഒരു വർഷത്തേക്ക് തയ്യാറാക്കുന്ന കർമ്മപരിപാടിയിലൂടെ കുട്ടികളുടെ നിലവിലെ പഠന നിലവാരം മനസ്സിലാക്കുകയും ഓരോരുത്തർക്കും വ്യക്തിഗതമായ പിന്തുണകൾ നൽകുക

3. നിരന്തരവും സമഗ്രവുമായ മൂല്യനിർണയം വഴി പഠന പിന്തുണ ഉറപ്പാക്കുക

4.മികച്ച നിലവാരത്തിലുള്ളവർക്കും ശരാശരി നിലവാരത്തിലുള്ളവർക്കും പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്കും വ്യത്യസ്തമായ പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്യുകയും ഓരോ കുട്ടിയെയും അതിന് അടുത്ത തലത്തിലേക്ക് എത്തിക്കുകയും ചെയ്യുക

5 എല്ലാ കുട്ടികളും സമഗ്ര പഠന മികവിലേക്ക്

കർമ പദ്ധതി

| പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|
| സജ്ജീകരണം | ജൂൺ 2-13 | ക്ലാസ്/ വിഷയ അധ്യാപകർ |
| പ്രീ - ടെസ്റ്റ് | ജൂൺ 13 | SRG |
| കുട്ടികളെ നിലവാരാടിസ്ഥാനത്തിൽഗ്രൂപ്പ് ആക്കൽ | ജൂൺ 17 | SRG |
| ഓരോ ഗ്രൂപ്പിനും ചുമതലയുള്ള അധ്യാപകരെ നിർണയവും വർക്ക് ഷീറ്റ് തയ്യാറാക്കലും | ജൂൺ 18 | SRG |
| ഓരോ വിഷയത്തിനും ക്ലാസടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രവർത്തനങ്ങൾ നല്കുന്നു.<br>ദ്വൈവാര വിലയിരുത്തൽ - പ്രവർത്തന പുരോഗതി | ജൂൺ 20 | മലയാളം - മൈക്കിൾ പി ഇ<br>ഇംഗ്ലീഷ് - അസ്മിൻ<br>ഹിന്ദി - ആൻസി കെ സി<br>ഗണിതം പ്രിൻസ് പി മാത്യു<br>ശാസ്ത്രം ജാസ്മിൻ പി എം.<br>സാമൂഹ്യ ശാസ്ത്രം - ജോമോൻ ടി ആർ<br>പ്രൈമറി വിഭാഗം - മഞ്ജു മോൾ കെ. ജി<br>പ്രസന്നകുമാരി കെ. സി |

മലയാളം - പ്രൈമറി തലത്തിലെ  പഠന ലക്ഷ്യങ്ങൾ

1.സ്വന്തമായി ആശയപൂർണ്ണതയോടെ കഥകൾ ,കവിതകൾ വിവരണങ്ങൾ /കത്തുകൾ ഇവ തയ്യാറാക്കുന്നു

2.കഥകൾ വായിച്ച് ആശയം ഗ്രഹിക്കുകയും കഥാപാത്രങ്ങളെ തിരിച്ചറിയുകയും ചെയ്യുന്നു
3.സ്വന്തം വാക്യങ്ങളിൽ കഥകൾ വികസിപ്പിക്കുന്നു കവിതകൾക്ക് വരികൾ കൂട്ടിച്ചേർക്കുന്നു
4.അപേക്ഷകൾ ,കത്തുകൾ പോസ്റ്ററുകൾ ഇവ സ്വന്തമായി തയ്യാറാക്കുന്നു
5.സ്വന്തം വാക്യങ്ങളിൽ ആശയം പ്രകടമാക്കുന്നു.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| സചിത്ര ബുക്ക് സംയുക്ത ഡയറി:- ക്ലാസ് 1,2 ലെ കുട്ടികളിൽ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ | ജൂൺ - മാർച്ച് | പ്രസന്നകുമാരി<br>യോഗേഷ് ജോസഫ് |
| വായന വാരം- വായന കുറിപ്പ് പതിപ്പ് നിർമാണം | ജൂൺ 19- 30 | ശ്രീജ സുകുമാരൻ |
| ദിനാചരണം പോസ്റ്റർ നിർമാണം | ജൂൺ - നവംബർ | ലിജി എം. കെ |
| കുട്ടി പത്രം:- സ്കൂൾ വാർത്തകൾ തയ്യാറാക്കൽ | ജൂൺ - മാർച്ച് | മഞ്ജു മോൾ കെ ജി |
| വായന കാർഡ് നിർമാണം - പുസ്തകാസ്വദനം | ജൂൺ - മാർച്ച് | രമ്യ കെ |

സജ്ജീകരണ പ്രവർത്തനങ്ങൾ
ഒന്നാം ക്ലാസിലേക്ക് പ്രവേശന നേടുന്ന കുട്ടികൾക്കായി കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഒന്നൊരുക്കം എന്ന കർമ്മപദ്ധതി അതിൻറെ മോഡ്യൂൾ അനുസരിച്ച് ഓരോ ദിവസത്തെയും പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും രക്ഷിതാക്കളെ അത് സംബന്ധിച്ച് അറിയിക്കുകയും ഡോക്യുമെന്റേഷൻ നിർവഹിക്കുകയും ചെയ്യുന്നു.

സ്കൂൾ പ്രവേശന ഉത്സവം മുതൽ ആദ്യ രണ്ടാഴ്ച നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ
ഓരോ ദിവസത്തേയും തീം
അനുസരിച്ച് ഇവിടെ സൂചിപ്പിച്ച പ്രകാരം നടപ്പിലാക്കുന്നതിന് LP UP & HS എസ് ആർ ജി കൺവീനർമാരെയും ആൻസി ടീച്ചറെയും ചുമതലപ്പെടുത്തി

*03/06/2025:*
LP: പൊതു കാര്യങ്ങൾ,
UP: മയക്കുമരുന്ന് / ലഹരി ഉപയോഗത്തിനെതിരെ,
HS: മയക്കുമരുന്ന് / ലഹരി ഉപയോഗത്തിനെതിരെ.

*04/06/2025:*
LP: റോഡിലൂടെ സഞ്ചരിക്കുമ്പോൾ  ശ്രദ്ധിക്കേണ്ട കാര്യങ്ങൾ/ സ്കൂൾവാഹനസഞ്ചാരം അറിയേണ്ട കാര്യങ്ങൾ,
UP: ട്രാഫിക്  നിയമങ്ങൾ/ റോഡിലൂടെ സഞ്ചരിക്കു മ്പോൾ  ശ്രദ്ധിക്കേണ്ട കാര്യങ്ങൾ/സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ,
HS: ട്രാഫിക്  നിയമങ്ങൾ/ റോഡിലൂടെ സഞ്ചരിക്കു മ്പോൾ  ശ്രദ്ധിക്കേണ്ട കാര്യങ്ങൾ/സ്കൂൾവാഹന
സഞ്ചാരം അറിയേണ്ട കാര്യങ്ങൾ.

*05/06/2025:*
LP: വ്യക്തിശുചിത്വം, പരിസര ശുചിത്വം, ഹരിതക്യാമ്പസ്സ്, സ്കൂൾ സൗന്ദര്യ വത്ക്കരണം,
UP: വ്യക്തിശുചിത്വം, പരിസര ശുചിത്വം, ഹരിതക്യാമ്പസ്സ്, സ്കൂൾ സൗന്ദര്യ വത്ക്കരണം,
HS: വ്യക്തിശുചിത്വം, പരിസര ശുചിത്വം, ഹരിതക്യാമ്പസ്സ്, സ്കൂൾ സൗന്ദര്യവത്ക്കരണം.

*09/06/2025:*
LP: ആരോഗ്യം, വ്യായാമം, കായിക ക്ഷമത,
UP: ആരോഗ്യം, വ്യായാമം, കായിക ക്ഷമത,
HS: ആരോഗ്യം, വ്യായാമം, കായിക ക്ഷമത.

*10/06/2025:*
LP: ഡിജിറ്റൽ അച്ചടക്കം,
UP: ഡിജിറ്റൽ അച്ചടക്കം,
HS: ഡിജിറ്റൽ അച്ചടക്കം.

*11/06/2025:*
LP: പൊതുമുതൽ സംരക്ഷണം,
UP: പൊതുമുതൽ സംരക്ഷണം,
HS:  പൊതുമുതൽ സംരക്ഷണം

*12/06/2025:*
LP: പരസ്പരസഹകരണത്തിന്റെ പ്രാധാന്യം,
UP:  പരസ്പരസഹകരണ ത്തിന്റെ പ്രാധാന്യം,
HS: റാഗിങ്, വൈകാരിക നിയന്ത്രണമില്ലായ്മ, പരസ്പര സഹകരണ ത്തിന്റെ പ്രാധാന്യം.

*13/06/2025:*
LP: പൊതു ക്രോഡീകരണം,
UP: പൊതു ക്രോഡീകരണം,
HS: പൊതു ക്രോഡീകരണം.

# English

## Introduction

English is a global language. So we will have to a equip our children to meet the needs of present day.

In order to make our children learn the language without any fear we will have to adopt various measures.

Learn the language naturally without any inhibition and make the students feel comfortable that's our aim.

By introducing various interesting activities the four skills of language learning, lsrw, can be achieved.

The ultimate aim of learning a language is effective communication. As far as students are concerned communicate skillfully is very important.

Various activities and programs such as hello English where introduced to develop the language skills amongstudents.

Sometimes it didn't work well. This academic master plan envisages to overcome previously faced difficulties and drawbacks and make our learners competent enough to communicate effectively. Thus the designated learning outcomes can be achieved.

## Activity calendar

### English assembly

Aim :-To create confidence among students to speak and present a matter in English before an audience.

The whole assembly will be done by children themselves. They will present story, news, rhymes ,quiz.

Commands will be in English.

Duration

June _March (once in a week)

Incharge
Class teacher

**English diary**

AIM

To write English without any mistakes and to express one's own ideas effectively.

Everyday 10 minutes will be spend in the class to write diary. Check the diary entry regularly and correct the mistakes. Best diary entry will be encouraged with gifts or grades.

Duration
June to March.
Responsible : Class teacher in charge.

# ഗണിതം

1 അടിസ്ഥാന ഗണിതക്രിയകളിൽ കുട്ടികളുടെ നിലവാരം മനസ്സിലാക്കുകയും ഓരോ ക്ലാസിലും നേടേണ്ട പഠന നേട്ടങ്ങളെ മുൻനിർത്തി ക്ലാസ് തല മാസ്റ്റർ പ്ലാൻ അനുസരിച്ച് പഠന ലക്ഷ്യങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്യുക
2.കുട്ടികളിൽ ഗണന ചിന്ത പ്രശ്നപരിഹരരണശേഷി യുക്തിചിന്ത താരതമ്യം പട്ടികപ്പെടുത്തൽ എന്നീ അടിസ്ഥാന ഗണിത ശേഷികൾ വളർത്തുന്നതിനുള്ള പ്രവർത്തന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക

3 ഓരോ യൂണിറ്റിന് അവസാനവും ക്ലാസ് തല യൂണിറ്റ് വിലയിരുത്തലും മാസാന്ത്യം യൂണിറ്റ് ടെസ്റ്റുകളും നടപ്പിലാക്കുക
4. നിരന്തരവും സമഗ്രവുമായ മൂല്യനിർണയ സമീപനത്തിലൂടെ കുട്ടികളുടെ നിർമ്മാണം ആരോഗ്യ കായിക വിദ്യാഭ്യാസം ഭാഷ വികാസം ഇവയെ മറ്റു വിഷയങ്ങളുമായി ബന്ധിപ്പിച്ച് പഠന ലക്ഷ്യങ്ങളുടെ പൂർത്തീകരണം ഉറപ്പാക്കുക
5 പാഠാസൂത്രണ സമയത്തുതന്നെ ഓരോ പ്രവർത്തനങ്ങളിലും വിലയിരുത്തൽ സാധ്യതകൾ ചേർത്തുള്ള പഠന തന്ത്രങ്ങൾ സ്വീകരിക്കുക

# അടിസ്ഥാന ശാസ്ത്രം

1 കുട്ടികളിൽ ശാസ്ത്ര ആഭിമുഖ്യം വളർത്തുകയും നിരീക്ഷണ പരീക്ഷണങ്ങളിൽ ഏർപ്പെട്ട യുക്തിസഹമായി ചിന്തിക്കാനുള്ള കഴിവ് വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ശാസ്ത്ര പഠനം സംഘടിപ്പിക്കുക

2 പ്രൈമറി തലം മുതൽ ശാസ്ത്ര ആഭിമുഖ്യം വളർത്തുന്നതിന് പഠന ലക്ഷ്യങ്ങളെ ആസ്പദമാക്കി പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുകയും ശാസ്ത്ര അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി പ്രത്യേക പിന്തുണ നൽകുകയും ചെയ്യുക

3.നിർമ്മാണ പ്രവർത്തനങ്ങൾ അളവുകൾ പരീക്ഷണ നിരീക്ഷണങ്ങൾ കുറിപ്പുകൾ രേഖപ്പെടുത്തലുകൾ നിർവഹിക്കുന്നതിന് ശാസ്ത്രീയ ഘട്ടങ്ങൾ പാലിച്ച് സയൻസ് ഡയറി, സയൻസ് മാഗസിൻ ഇവ തയ്യാറാക്കുന്നതിൽ കുട്ടികൾക്ക് പരിശീലനം നൽകുക

4.ശാസ്ത്ര മേഖലയിലെ ദൈനംദിന പുരോഗതികളെ സംബന്ധിച്ച ആനുകാലിക ലേഖനങ്ങൾ ,പത്രക്കുറിപ്പുകൾ സാങ്കേതിക സംവിധാനങ്ങളിലൂടെയുള്ള വിവരശേഖരണം, ഇവ പ്രോത്സാഹിപ്പിക്കുക

5. സയൻസ് ലാബ് പ്രൈമറിതലത്തിൽ സയൻസ് കോർണറുകൾ ഇവയുടെ പ്രവർത്തനം കൃത്യമായി ഉറപ്പാക്കുകയും കുട്ടികളിൽ ഉണ്ടാകുന്ന ശാസ്ത്രീയ മുന്നേറ്റങ്ങൾ ഓരോ പ്രവർത്തനത്തിലും വിലയിരുത്തി ആവശ്യമായ പിന്തുണ നടപ്പിലാക്കുകയും ചെയ്യുക